# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6442

31/10/2011-ൽ മറുപടിക്ക്

## പാലൊളി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ന്യൂനപക്ഷ ക്ഷേമത്തിനായി കഴിഞ്ഞ സർക്കാർ രൂപീകരിച്ച പാലൊളി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കാനായി ഈ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) നിലവിലുള്ള എല്ലാ പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു പുറമേ വേങ്ങരയിലും കാസർഗോഡും പുതിയ കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പലിശരഹിതമാക്കി. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കുന്നതിനും മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പും ഹോസ്റ്റൽ സ്റ്റൈപ്പന്റും വർദ്ധിപ്പിക്കുന്നതിനും നടപടികൾ പരിഗണനയിലാണ്. |
| (ബി) പാലൊളി കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പാക്കാൻ 2011-12 വർഷത്തെ ബഡ്ജറ്റിൽ മുൻസർക്കാർ തുക വകയിരുത്തി യിരുന്നോ; | (ബി) 14.1407 കോടി രൂപ വകയിരുത്തിയിരുന്നു. |
| (സി) ഈ സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) നിലവിൽ 12.2207 കോടി രൂപ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.